# വനിതാ ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ: ഷീബ ജോർജ്ജ് IAS)

**ഉത്തരവ് നം.A5/6198/18**

തിരുവനന്തപുരം

തീയതി : 8.10.2018

---

വിഷയം: **വനിതാ ശിശു വികസന വകുപ്പ് -1st 1000 days പരിപാടി - 10 പുതിയ ICDS പ്രോജക്ടുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.**

പരാമർശം: 1) 2018-19ലെ ബഡ്ജറ്റ് പ്രസംഗം

2) സർക്കാർ ഉത്തരവ് GO (Rt)485/2018/SJD തീയതി:13.8.18

ഗർഭാവസ്ഥയിലെ 9 മാസം മുതൽ കുട്ടിയ്ക്ക് 2 വയസ്സു തികയുന്നതു വരെയുള്ള ആദ്യ 1000 ദിനങ്ങൾ കുട്ടിയുടെ സമഗ്ര വളർച്ചയിൽ അതീവ പ്രാധാന്യമുള്ളവയാണെന്ന് നിരവധി പഠനങ്ങൾ തെളിയിച്ചിട്ടുള്ളതാണ്. കുട്ടിയുടെ ശരിയായ വളർച്ചയ്ക്കും വികാസത്തിനും ആദ്യ 1000 ദിനങ്ങളിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. 2013-ൽ രേഖപ്പെടുത്തിയ വർദ്ധിച്ച ശിശു മരണങ്ങളുടെ പശ്ചാത്തലത്തിൽ അട്ടപ്പാടി മേഖലയിൽ 1st 1000 days പരിപാടി ആരംഭിച്ചു. 2018- 19 സാമ്പത്തിക വർഷം 1st 1000 days പരിപാടി 10മലയോര/തീരദ്ദേശ ICDS Projectsലേയ്ക്കു കൂടി വ്യാപിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി SC/ST ജനസംഖ്യ, മൽസ്യതൊഴിലാളി ജനസംഖ്യ, തൂക്കക്കുറവുള്ള കുട്ടികളുടെ എണ്ണം എന്നിങ്ങനെയുള്ള പ്രധാനപ്പെട്ട ഘടകങ്ങൾ കണക്കിലെടുത്ത് 10 ICDS പ്രോജക്ടുകളിൽ 1st 1000 days പദ്ധതി നടപ്പിലാക്കാൻ പരാമർശം (2) പ്രകാരം സർക്കാർ അനുമതി ലഭ്യമായിട്ടുണ്ട്. പ്രസ്തുത പരിപാടിയ്ക്കായി തിരഞ്ഞെടുത്ത പ്രോജക്ടിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | പദ്ധതി നടപ്പാക്കുന്ന ICDS Project. |
|---|---|---|
| 1. | തിരുവനന്തപുരം | വെള്ളനാട് |
| 2. | പത്തനംതിട്ട | റാന്നി അഡീഷണൽ |
| 3. | ആലപ്പുഴ | മുതുകുളം |
| 4. | ഇടുക്കി | ദേവികുളംഅഡീഷണൽ |
| 5. | കോട്ടയം | ഈരാറ്റുപേട്ട |
| 6. | തൃശ്ശൂർ | തളിക്കുളം |
| 7. | മലപ്പുറം | നിലമ്പൂർ അഡീഷണൽ |
| 8. | വയനാട് | മാനന്തവാടി |
| 9. | പാലക്കാട് | അട്ടപ്പാടി |
| 10. | കണ്ണൂർ | ഇരിട്ടി |
| 11. | കാസർഗോഡ് | കാസർഗോഡ് അഡീഷണൽ |

ഈ പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

പഞ്ചായത്ത് അടിസ്ഥാനത്തിൽ 3 മാസത്തിലൊരിക്കൽ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമായി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കേണ്ടതാണ്. ഗുണഭോക്താക്കളുടെ തൂക്കം, BP തുടങ്ങിയവ പരിശോധിക്കുന്നതിനോടൊപ്പം ഇവർക്കുള്ള പ്രത്യേക therapeutic food പാക്കറ്റുകളും ഇവിടെ വച്ച് വിതരണം ചെയ്യേണ്ടതാണ്. ക്യാമ്പിൽ പങ്കെടുക്കുന്ന PM/LM ന് നൽകുന്ന സമ്മാന

JJ//

കിറ്റിൽ therapeutic foodന് പുറമെ ആവശ്യമായ IFA ഗുളികകൾ, calcium ഗുളികകൾ, പ്രസവം സംബന്ധിച്ച് brochures, സമ്പൂർണ്ണ മുലയൂട്ടലിന്റെ പ്രാധാന്യം സംബന്ധിച്ച ബുക്ക്ലെറ്റ്, മുലപ്പാൽ ഉണ്ടാകുന്നതിനുള്ള ആഹാരരീതികൾ തുടങ്ങിയവ ഉൾപ്പെടുത്തേണ്ടതാണ്. IFA, Calcium, brochures തുടങ്ങിയവ ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ ലഭ്യമാക്കേണ്ടതാണ്. അങ്കണവാടി വർക്കർമാർ ഇവരെ കൃത്യമായി follow up ചെയ്യുകയും ഗർഭിണിയുടെ തൂക്കത്തിൽ വരുന്ന വ്യത്യാസം, പ്രസവത്തിന്റെ വിവരങ്ങൾ, കുട്ടിയുടെ ജനനതൂക്കം, കുട്ടിയുടെ വളർച്ചാ നിരീക്ഷണം, തുടങ്ങിയവ record ചെയ്ത് സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്. 1st 1000 days പരിപാടിയുടെ impact കണക്കാക്കുവാൻ ഇത് സഹായകരമാകും. 1st 1000 days മായി ബന്ധപ്പെട്ട ബോധവൽക്കരണ ക്ലാസ്സുകളും medical Campന്റെ ഭാഗമായി സംഘടിപ്പിക്കേണ്ടതാണ്.

പരിപാടിയുടെ ഭാഗമായി ആദ്യ മെഡിക്കൽ ക്യാമ്പ് ഒക്ടോബർ 2- ാം വാരം സംഘടിപ്പിക്കേണ്ടതാണ്. പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കുന്ന ക്യാമ്പിൽ പ്രദേശത്തെ മുഴുവൻ ഗർഭിണികളേയും മുലയൂട്ടുന്ന അമ്മമാരെയും പങ്കെടുപ്പിക്കേണ്ടതും theraputic food ആവശ്യമുള്ളവരുടെ എണ്ണം നിശ്ചയിക്കേണ്ടതുമാണ്. ഗുണഭോക്താക്കളുടെ എണ്ണം ഈ ആഫീസിൽ അറിയിക്കുന്ന മുറയ്ക്ക് theraputic food കുടുംബശ്രീ യൂണിറ്റിൽ നിന്നും വാങ്ങുന്നതിനുള്ള ഫണ്ട് അനുവദിക്കുന്നതാണ്.

Theraputic food ലഭ്യമാകുന്ന മുറയ്ക്ക് രണ്ടാം മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കേണ്ടതും ആയതിന്റെ ഭാഗമായി 3 മാസത്തേയ്ക്കുള്ള theraputic food ഗുണഭോക്താക്കൾക്ക് ക്യാമ്പിന്റെ ഭാഗമായി വിതരണം ചെയ്യേണ്ടതുമാണ്. (Theraputic food സംബന്ധിച്ച വിവരങ്ങൾ പിന്നീട് നൽകുന്നതാണ്.)

ബഡ്ജറ്റ്

| | | |
|---|---|---|
| ക്യാമ്പ് സംഘാടനം | - | 5000 രൂപ |
| Doctorsന് ഹോണറേറിയം | - | 2x1000 =2000 |
| ലഘുഭക്ഷണം | - | 100x50 =5000 |
| ഒരു ക്യാമ്പിന്റെ ചിലവ് | - | 12000 രൂപ |
| വർഷത്തിൽ 3 ക്യാമ്പിന് | - | 36000 രൂപ |

ഓരോ പ്രോജക്ടിനും പഞ്ചായത്ത് തിരിച്ച് അനുവദിക്കുന്ന തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് | പഞ്ചായത്തിന്റെ എണ്ണം | അനുവദിക്കുന്ന തുക |
|---|---|---|---|
| 1. | വെള്ളനാട് | 4 [4 x 36000] | 1,44,000 |
| 2. | റാന്നി അഡീ. | 5 [5 x 36000] | 1,80,000 |
| 3. | മുതുകുളം | 5 [5 x 36000] | 1,80,000 |
| 4. | ദേവികുളം അഡീ. | 5 [5 x 36000] | 1,80,000 |

JJ//

| | | | |
|---|---|---|---|
| 5. | ഈരാറ്റുപേട്ട | 9<br>[9 x 36000] | 3,24,000 |
| 6. | തളിക്കുളം | 5<br>[5 x 36000] | 1,80,000 |
| 7. | നിലമ്പൂർ അഡീ. | 4<br>[4 x 36000] | 1,44,000 |
| 8. | മാനന്തവാടി | 3<br>[3 x 36000] | 1,08,000 |
| 9. | അട്ടപ്പാടി | 3<br>[3 x 36000] | 1,08,000 |
| 10. | ഇരിട്ടി | 4<br>[4 x 36000] | 1,44,000 |
| 11. | കാസർഗോഡ് അഡീ. | 3<br>[3 x 36000] | 1,08,000 |
| | **Total** | | **18,00,000** |

2018-19 സാമ്പത്തികവർഷം പദ്ധതി അട്ടപ്പാടിയ്ക്കു പുറമേ 10 പ്രോജക്ടിൽ കൂടി വ്യാപിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. 1000 days പരിപാടി അട്ടപ്പാടിയ്ക്ക് പുറമെ 10 ICDS പ്രോജക്ടിലേയ്ക്ക് കൂടി വ്യാപിപ്പിക്കുന്നതിനായി ആദ്യഗഡുവായ 18,00,000/-രൂപ മേൽപറഞ്ഞ പ്രകാരം പ്രോജക്ടുകൾക്ക് അനുവദിച്ചും 2018-19 സാമ്പത്തിക വർഷത്തെ അട്ടപ്പാടിയിലെ നവജാത ശിശുക്കൾക്ക് വേണ്ടിയുള്ള ആദ്യ 1000 ദിന പരിപാടിയുടെ കീഴിൽ 2235-02-102-50പ്ലാൻ ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനും അനുമതി നൽകിയും ഉത്തരവാ വാകുന്നു. ഫണ്ട് ചെലവഴിച്ചത് സംബന്ധിച്ച യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്.

**ഒപ്പ്**

**വനിതാ ശിശുവികസനഡയറക്ടർ**

ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർക്ക്

**പകർപ്പ്:**

1.ബന്ധപ്പെട്ട പ്രോഗ്രാം ആഫീസർമാർക്ക്
2.സൂപ്രണ്ട്, എ സെക്ഷൻ (ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനായി)
3.സ്റ്റോക്ക് ഫയൽ/ സ്പെയർ.

**ഉത്തരവിൻപ്രകാരം,**

**സൂപ്രണ്ട്**

JJ//